## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 542** **21-03-2023 - ൽ മറുപടിയ്ക്ക്**

## തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ശമ്പള കുടിശികയും അവധിയും ആവശ്യപ്പെട്ടതിന് വനിതാ തൊഴിലാളിയെ നെയ്യാറ്റിൻകരയിലെ ഒരു സ്ഥാപനയുടമ ക്രൂരമായി മർദിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗിന്റെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നെയ്യാറ്റിൻകര താലൂക്കിലെ വഴുതൂർ വാർഡിൽ അറക്കുന്ന് കടവ് റോഡിൽ ക്രിസ്റ്റഫർ എന്ന വ്യക്തിയുടെ വീട് വാടകയ്ക്കെടുത്ത് ലോഷൻ, ഫ്ലോർ ക്ലീനർ എന്നിവ വീടുകളിൽ കൊണ്ടുപോയി വിൽപന നടത്തുന്ന എസ്.ബി.റ്റി.സി എന്ന സ്ഥാപനത്തിന്റെ മാനേജരാണ് സ്ഥാപനത്തിലെ വനിതാ തൊഴിലാളിയെ മർദ്ദിച്ചത്. സ്ഥാപനത്തിന്റെ മാനേജരും വനിതാ തൊഴിലാളിയും തമ്മിൽ സാമ്പത്തിക വിഷയത്തിൽ തർക്കമുണ്ടാകുകയും തുടർന്ന് ലഭിക്കേണ്ട വേതന കുടിശ്ശിക ആവശ്യപ്പെട്ടപ്പോഴാണ് മർദ്ദനം ഉണ്ടായതെന്നുമാണ് വിവരം. മർദ്ദനത്തെ തുടർന്ന് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു.<br><br>കുറച്ചു മാസങ്ങളായി ടി സ്ഥാപനത്തിൽ ജോലി ചെയ്തുവരികയായിരുന്ന തൊഴിലാളിയുടെ വേതനകുടിശ്ശികയുമായി ബന്ധപ്പെട്ട് 04/03/2023-ന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ വച്ച് ഒത്തുതീർപ്പ് ചർച്ച നടത്തുകയും ടിയാൾക്ക് 32,300/- രൂപ ക്യാഷായും, 17,500/- രൂപ വീതമുള്ള ഐ.ഡി.എഫ്.സി ബാങ്കിന്റെ രണ്ട് ചെക്കും നൽകുകയുണ്ടായി. ആയത് ടി തൊഴിലാളിയുമായി സംസാരിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ തുകയും മാറിയ ശേഷം രേഖാമൂലം ഒരു രസീത് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ മേൽവിലാസത്തിൽ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മറ്റൊരു വനിതാ തൊഴിലാളിയ്ക്കും ശമ്പള കുടിശ്ശികയായ 10,814/- രൂപ ക്യാഷായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ നിയമപരമായ അവകാശം സംരക്ഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽ നിയമങ്ങൾ ഉറപ്പ് നൽകുന്ന സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് Centralised Inspection System മുഖേനയും തൊഴിലാളികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലൂടെയും ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ മുതലായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. തൊഴിൽ തർക്കങ്ങളിൽ ഇടപെട്ട് തൊഴിലാളികൾക്ക് അവകാശങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലൂടെ തൊഴിലാളികൾക്ക് കാലാനുസൃതമായ മിനിമം വേതനം ഉറപ്പാക്കുന്നു. ഗ്രാറ്റുവിറ്റി നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലുടമകൾ നൽകാത്ത സാഹചര്യത്തിൽ തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ നടപടി സ്വീകരിച്ച് ആയത് ലഭ്യമാക്കി കൊടുക്കുന്നു. 1965-ലെ ബോണസ്സ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ആയത് ലഭ്യമാക്കുന്നു. അത്തരത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം വളരെ കാര്യക്ഷമമായി ഇടപെടൽ നടത്തി വരുന്നുണ്ട്. |
| (സി) | തൊഴിലാളി സൗഹൃദ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്ന പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തൊഴിലാളി സൗഹൃദ അന്തരീക്ഷത്തിന്റെയും മറ്റ് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്ത് അവാർഡ് നൽകിവരുന്നു. നിലവിൽ 11 തൊഴിൽ മേഖലകളെയാണ് ഗ്രേഡിംഗിനായി പരിഗണിക്കുന്നത്. മികവിന്റെ അടിസ്ഥാനത്തിൽ സുവർണ്ണ, വജ്ര അവാർഡുകളും വജ്ര അവാർഡ് ലഭിച്ച സ്ഥപനങ്ങളിൽ നിന്നും ഏറ്റവും മികച്ച ഒരു സ്ഥാപനത്തെ കണ്ടെത്തി ബഹു.മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് നൽകി വരുന്നു. നടപ്പ വർഷവും 2021 വർഷത്തെ ഗ്രേഡിംഗ് അവാർഡ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ